വാമനപുരം നദീതടപദ്ധതി

* 75 [102] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നദീതടപദ്ധതി ബഹുജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് നടപ്പിലാക്കാൻ ഒരു ക്രിയാത്മക പരിപാടി ആവിഷ്ക്കരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

വനവും ജലസേചനവും മന്ത്രി (ഡോ. കെ. ജി. അടിയോടി) :

(എ, ബി) ജനപങ്കാളിത്തത്തോടെ പ്രവർത്തനം ത്വരിതപ്പെടുത്തി കല്ലട ജലസേചന പദ്ധതി 1979-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഇപ്പോൾ ഒരു ശ്രമം ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൻെറ വിജയത്തെപ്പറ്റി അറിയാതെ മറ്റേതെങ്കിലും പദ്ധതി അതുപോലെ നടപ്പാക്കാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കുകയില്ല. പോരെങ്കിൽ ഇതുമാതിരി ബൃഹത്തായ പദ്ധതികളുടെ എല്ലാ ഘടകങ്ങളിലും പൊതുജന പങ്കാളിത്തത്തോടുകൂടി നടത്താനും സാദ്ധ്യമല്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : വാമനപുരം നദീതട പദ്ധതിയുടെ എല്ലാ ചാനലുകളെ സംബന്ധിച്ചും ഒരു തീരുമാനമെടുത്തില്ലെങ്കിലും ഏറ്റവും അത്യാവശ്യമായിട്ടുള്ള ഒരു ചാനലിലെങ്കിലും ഇതുപോലുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിനു തയ്യാറാകുമോ ?

ഡോ. കെ. ജി. അടിയോടി : ഇന്നു തുടങ്ങിയിട്ടുള്ളതായ പദ്ധതികൾ പൂർത്തിയാക്കുകയാണ് ഗവൺമെൻറിൻെറ ലക്ഷ്യം. അവയ്ക്ക് പ്രയോറിട്ടി നൽകിക്കൊണ്ട് പെട്ടെന്ന് പ്രയോജനം കിട്ടുന്ന പദ്ധതികൾ പൂർത്തിയാക്കിയതിനുശേഷം പുതിയ പദ്ധതികൾ ആരംഭിക്കുകയല്ലാതെ എല്ലാ സ്ഥലങ്ങളിലും പുതിയ പദ്ധതികൾ ആരംഭിച്ചാൽ ഒന്നും പ്രയോജനപ്പെടാതെ പോകുമെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

സ്വകാര്യ വനദേശസാൽക്കരണംകൊണ്ട് ഗവൺമെൻറിലേക്ക് ലഭിച്ച ഭൂമി

* 76 [103] ശ്രീ. ടി. കെ. ചന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വനദേശസാൽക്കരണത്തിൻെറ ഫലമായി ഗവൺമെൻറിലേക്ക് ലഭിച്ച ആകെ സ്ഥലത്തിൻെറ വിസ്തീർണ്ണമെത്ര ;

(ബി) ഇതു സംബന്ധിച്ച് കൈവശക്കുടിയാൻമാരുടെ വല്ല ആക്ഷേപവും ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലയിൽ നിന്ന്; എത്ര വീതം ;

(സി) ആക്ഷേപങ്ങൾ ലഭിച്ച കേസിൻെറ പേരിൽ ഗവൺമെൻറ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലയിൽ; എത്രവീതം ?

വനവും ജലസേചനവും മന്ത്രി (ഡോ. കെ. ജി. അടിയോടി) :

(എ) 1,69,411 ഹെക്ടർ

(ബി, സി, ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly